(1)	(2)
എറണാകുളം	0
തൃശ്ശൂർ	3
പാലക്കാട്	1
മലപ്പുറം	0
കോഴിക്കോട്	0
വയനാട്	4
കണ്ണൂർ	3
കാസർകോഡ്	0
ആകെ	38

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് അപകട മരണമോ സ്ഥിരം അംഗവൈകല്യമോ സംഭവിച്ചാൽ, കേന്ദ്രസർക്കാർ 3-1-2014-ൽ പരിഷ്കരിച്ച I&II ഷെഡ്യൂൾ പ്രകാരം, എക്സ്ഗ്രേഷ്യയായി ആംആദ്മി ബീമാ യോജനയുടെ നിബന്ധന പ്രകാരമുള്ള തുകയ്ക്കോ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം 25,000 രൂപയാണ് എക്സ്ഗ്രേഷ്യയായി നൽകി വരുന്നത്.

(ഡി) ബാധകമല്ല.

ദേശീയ തൊഴിലുറപ്പ് പദ്ധതി

1310 <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെയുള്ള അംഗങ്ങളുടെ എണ്ണം എത്ര; സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റതിനുശേഷം തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നതിനിടെ മരണപ്പെട്ടവർ എത്ര; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ ധന സഹായം നൽകി; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷൻ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള ജോലികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(എഫ്) ഏതെല്ലാം മേഖലകളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്; നിലവിൽ ഉണ്ടായിരുന്നവയിൽ ഏതെങ്കിലും മേഖല ഒഴിവാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണവും സ്ത്രീകളുടേയും പുരുഷന്മാരുടേയും എണ്ണവും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	രജിസ്റ്റർ ചെയ്തവരുടെ എണ്ണം	രജിസ്റ്റർ ചെയ്ത സ്ത്രീകളുടെ എണ്ണം	രജിസ്റ്റർ ചെയ്ത പുരുഷന്മാരുടെ എണ്ണം
(1)	(2)	(3)	(4)
തിരുവനന്തപുരം	484342	320834	163508
കൊല്ലം	399968	251340	148628
പത്തനംതിട്ട	191755	118740	73015
ആലപ്പുഴ	430769	263323	167446
കോട്ടയം	234438	146131	88307
ഇടുക്കി	270874	155448	115426
എറണാകുളം	271817	171809	100008
തൃശ്ശൂർ	242254	186566	55688

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
പാലക്കാട്	298003	229419	68584
മലപ്പുറം	371294	216289	155005
കോഴിക്കോട്	362676	224682	137994
വയനാട്	190108	106092	84016
കണ്ണൂർ	242187	166225	75962
കാസർഗോഡ്	143072	95017	48055
ആകെ	4133557	2651915	1481642

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസവും അതിൽ കൂടുതലും തൊഴിൽ ചെയ്ത തൊഴിലാളികൾ ആർ.എസ്.ബി.വൈ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരാണ്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രതിവർഷം 100 ദിവസം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും തൊഴിലാളികളുടെയും സംയുക്ത പങ്കാളിത്തത്തോടെയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. സംസ്ഥാനവിഹിതമായി 1,000 രൂപയും അതോടൊപ്പം സ്വാവലംബൻ പദ്ധതിയിൽ 1,000 രൂപ കേന്ദ്ര വിഹിതമായും പ്രസ്തുത പെൻഷൻ പദ്ധതിയിലേയ്ക്ക് നിക്ഷേപിക്കപ്പെടും. ഇതിനുപുറമേ തൊഴിലാളി വിഹിതവും ഈ പദ്ധതിയിലേയ്ക്ക് വർഷം തോറും നിക്ഷേപിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് 60 വയസ്സ് തികയുമ്പോൾ അവരുടെ അക്കൗണ്ടിലുള്ള തുകയുടെ ആനുപാതികമായി പ്രതിമാസ പെൻഷൻ ഓരോ തൊഴിലാളിയ്ക്കും ആജീവനാന്തരം ലഭിക്കുന്നതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരമുള്ള ചുവടെ ചേർത്തിട്ടുള്ള 15 ഇനം പ്രവൃത്തികളാണ് തൊഴിലുറപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

1. വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകേ കയ്യാല നിർമ്മാണം (കോണ്ടൂർ ബണ്ടിംഗ്), ചരിവുള്ള പ്രദേശങ്ങളിൽ കിടങ്ങ് നിർമ്മാണം (കോണ്ടൂർ ട്രഞ്ചസ്), കല്ല് കയ്യാല (Bolder checks), കല്ല് കെട്ടിനെ കമ്പി/കയർ വല ഉപയോഗിച്ചുള്ള ശക്തിപ്പെടുത്തൽ രീതി. (ഗാബിയോൺ സ്ട്രക്ച്ചർ), ഭൂഗർഭ നീരൊഴുക്ക് സംരക്ഷിക്കുന്ന അടിയണകളുടെ നിർമ്മാണം, (അണ്ടർ ഗ്രൗണ്ട് ഡൈക്ക്) മൺതടയണകൾ (എർത്തേൺ ഡാംസ്), തടയണകൾ (സ്റ്റോപ്പ് ഡാംസ്) നീരുറവകളുടെ സംരക്ഷണം, (സ്പ്രിംഗ് ഷെഡ് ഡെവലപ്മെന്റ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന ജലസംരക്ഷണവും മഴകൊയ്ത്തും
2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും
3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ
4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ.എ.വൈ. ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസപദ്ധതിയിൽ നിർവ്വചിക്കും പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, പരമ്പരാഗത വനവാസികൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പഴകൃഷി, തോട്ടവിള, കുളം കുഴിക്കൽ, കൃഷിഭൂമിക്ക് ബണ്ട് ഒരുക്കൽ, ഭൂവികസനം എന്നീ പ്രവൃത്തികൾ
5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനർനിർമ്മാണം
6. ഭൂവികസനം
7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക്ചാൽ നിർമ്മാണം, തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവുക്കുന്നതിനുള്ള ചാലുകളുടെ നിർമ്മാണം തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും
8. ഗ്രാമത്തിനുള്ളിലുള്ള ഏത് കാലാവസ്ഥയിലും ഉപയോഗ യോഗ്യമായ റോഡുകളുടെ നിർമ്മാണം
9. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

10. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക സംബന്ധമായ പ്രവൃത്തികൾ

11. കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി

12. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി

13. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ നട്ടുവളർത്തൽ

14. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ

15. വ്യക്തിഗത കക്കൂസ്, സർക്കാർ സ്കൂൾ/അംഗനവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം തുടങ്ങിയ ശുചിത്വ പ്രവർത്തനങ്ങൾ.

    (a) അംഗനവാടികളുടെ നിർമ്മാണം

    (b) കുളിസ്ഥലങ്ങളുടെ നിർമ്മാണം

(എഫ്) സംസ്ഥാനത്തെ ജനങ്ങളുടെ ഉപജീവന മേഖലകളുമായി ബന്ധപ്പെട്ട് വിവിധയിനം പ്രവൃത്തികൾ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക - 1-ൽ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം പല സന്ദർഭങ്ങളിലായി കേന്ദ്രസർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന പ്രവൃത്തിയിനങ്ങൾക്ക് ഇനിയും അനുവാദം ലഭിച്ചിട്ടില്ല.

1. ദരിദ്ര വിഭാഗങ്ങളുടെ ഭവന നിർമ്മാണവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും

2. പൊതു ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും

3. തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ ജൈവവേലി ഒഴികെയുള്ള (Belt Vegetation) പ്രവൃത്തികൾ

4. നെൽകൃഷിയുൾപ്പെടെയുള്ള കാർഷിക പ്രവൃത്തികൾ

5. വനാവകാശ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ

LIBRARY ARCHIVES Kerala Legislative Assembly

6. സേവന മേഖലയിലെ തൊഴിലുകൾ (വനിതകൾക്ക് മാത്രം)

7. ക്ഷീര/കയർ മേഖകളിലെ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും മേഖല ഒഴിവാക്കി കേന്ദ്ര സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല.

(ജി) 16-8-2012-ലെ സ.ഉ (സാധ) നമ്പർ 223/12/ത.സ്വഭവ. പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ അളവിൽ കുറവ് വരുത്താതെ ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണിവരെ എന്നതിനുപകരം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (വിശ്രമം ഉൾപ്പെടെ) എന്ന് പുനർ നിശ്ചയിച്ചിട്ടുണ്ട്.

ജില്ല	മരണപ്പെട്ടവരുടെ എണ്ണം	25000 രൂപ എക്സ്ഗ്രേഷ്യ അനുവദിക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം
തിരുവനന്തപുരം	8	8
കൊല്ലം	8	8
പത്തനംതിട്ട	3	1
ആലപ്പുഴ	11	8
കോട്ടയം	7	3
ഇടുക്കി	10	10
എറണാകുളം	4	4
തൃശ്ശൂർ	7	7
പാലക്കാട്	2	2
മലപ്പുറം	3	3
കോഴിക്കോട്	2	2
വയനാട്	7	6
കണ്ണൂർ	6	6
കാസർഗോഡ്	1	1
ആകെ	79	69

LIBRARY ARCHIVES Kerala Legislative Assembly